(സി) പുതുക്കിയ ശമ്പള നിരക്കിലുള്ള ക്ഷാമബത്ത കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന മുറയ്ക്ക് അതേ തീയതി മുതൽ അതേ നിരക്കിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് നൽകുന്നതിനും, 1-4-2007 മുതലുള്ള ക്ഷാമബത്ത 'പ്രോ-റേറ്റാ അടിസ്ഥാനത്തിൽ' നിർണ്ണയിച്ചു നൽകുന്നതിനുമുള്ള കമ്മിറ്റിയുടെ ശിപാർശയാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് രണ്ടുതരം ക്ഷാമബത്ത അനുവദിച്ചിട്ടില്ല.

(ഇ) പുതിയ ശമ്പള പരിഷ്കരണ ഫലമായി ഒരു വിഭാഗം ജീവനക്കാർക്കും ശമ്പളത്തിൽ കുറവ് വന്നിട്ടുള്ളതായി നാളിതുവരെ ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

പട്ടം സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് രാജേഷ് നടത്തിയ സാമ്പത്തിക ക്രമക്കേട്

38(2290) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടം സഹകരണ ബാങ്കിൽ രാജേഷ് എന്ന കളക്ഷൻ ഏജന്റ് സാമ്പത്തിക ക്രമക്കേട് നടത്തിയ വിവരം സഹകാരികളെ അറിയിച്ചത് രജിസ്റ്റേർഡ് കത്ത് വഴിയാണോ അതോ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് മുഖേനയുള്ള കത്ത് വഴി ആണോ എന്ന് വ്യക്തമാക്കുമോ ;

(ബി) സഹകാരികൾക്ക് വിവരം ലഭ്യമായി എന്നതിന്റെ തെളിവ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) പ്രസ്തുത വിവരം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാധാരണ തപാലിൽ നോട്ടീസ് പ്രകാരമാണ് ടി വിവരം ബന്ധപ്പെട്ട സഹകാരികളെ സംഘം അറിയിച്ചിട്ടുള്ളത്.

(ബി) സഹകാരികൾക്ക് വിവരം ലഭ്യമാക്കി എന്നതിന്റെ തെളിവ് ഹാജരാക്കാൻ സംഘത്തിന് കഴിഞ്ഞിട്ടില്ല. നോട്ടീസിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാം.

(സി) പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഏജന്റിനാൽ കബളിപ്പിക്കപ്പെടാതിരിക്കാൻ പിഗ്മി വരിക്കാരായുള്ള എല്ലാ പേർക്കും നോട്ടീസ് മുഖാന്തരം സംഘം അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly